## പ്രധാനാദ്ധ്യാപകരുടെ പ്രത്യേക ശ്രദ്ധയ്ക്ക്

2018 ലെ എസ്.എസ്.എൽ.സി, സ്കൂൾ വാർഷിക പരീക്ഷകൾ അവസാനിക്കുകയാണ്. പരീക്ഷകൾ കഴിയുന്ന ദിവസം ചില കുട്ടികൾ കൂട്ടുകൂടി തെറ്റായ കാര്യങ്ങളിൽ ഏർപ്പെടാറുണ്ട്. ഇത്തരം സംഭവങ്ങൾ നാട്ടിൽ ചർച്ചയാവുകയും , വിദ്യാലയത്തിന്റെ സൽപേരിനെ ബാധിക്കുകയും ചെയ്യും. ആയതിനാൽ പ്രശ്നങ്ങൾ ഒഴിവാക്കുന്നതിനായി താഴെ പറയുന്ന കാര്യങ്ങൾ പ്രധാനാദ്ധ്യാപകർ ശ്രദ്ധിക്കേണ്ടതാണ്.

1. പരീക്ഷ അവസാനിക്കുന്ന ദിവസം ഡ്യൂട്ടി ഇല്ലാത്ത അധ്യാപകരേയും PTA,MPTA,SMC അംഗങ്ങളേയും സ്കൂളിലേക്ക് വിളിച്ചു വരുത്തി ചുമതലകൾ കൊടുക്കുക.
2. മൂത്രപ്പുര, ടോയ്‌ലറ്റുകൾ, മറ്റ് മറവുള്ള സ്ഥലങ്ങൾ എന്നി സ്ഥലങ്ങൾ നിരീക്ഷിക്കാൻ ചുമതല കൊടുക്കുക. ഇത്തരം സ്ഥലങ്ങളിൽ ലഹരി വസ്തുക്കൾ കൈമാറ്റവും, ഉപയോഗവും നടക്കാൻ സാധ്യതയുണ്ട്.
3. ക്ലാസ് റൂമിലെ ബെഞ്ച്,ഡസ്ക്, മറ്റ് വിലപിടിപ്പുള്ള സാധനങ്ങൾ നശിപ്പിക്കുന്നതിനുള്ള പ്രവണത ചില കുട്ടികൾ കാണിക്കാറുണ്ട്. ഇവിടങ്ങളിൽ ശ്രദ്ധിക്കാൻ ചുമതല കൊടുക്കണം.
4. പോലീസ് ഉണ്ടാകുമെന്നും പ്രശ്നങ്ങൾ ഉണ്ടായാൽ കേസിന് കാരണമാകുമെന്നും മാത്രമല്ല നിങ്ങളുടെ യോഗ്യത സർട്ടിഫിക്കറ്റ്, സ്വഭാവ സർട്ടിഫിക്കറ്റ് എന്നിവ കുഴപ്പമില്ലാതെ ലഭിക്കാൻ പ്രശ്നങ്ങൾ ഉണ്ടാക്കാതിരിക്കണം എന്നിങ്ങനെയുള്ള കർശന നിർദ്ദേശം കുട്ടികൾക്ക് നൽകണം.
5. പ്രശ്നക്കാരായി തോന്നുന്ന പെൺകുട്ടികളുടെ രക്ഷിതാക്കളോട് സ്കൂളിൽ വന്ന് കൂട്ടികൊണ്ടുപോകാൻ പറയണം.
6. പ്രശ്നക്കാരാണെന്ന് സംശയിക്കുന്ന ആൺകുട്ടികളുടെ ബാഗുകൾ പരിശോധിക്കണം. അതിനായി അവർക്ക് സംശയം വരാതിരിക്കാനായി പരീക്ഷയുടെ അവസാന ദിവസം ബാഗുകൾ ഒരു പ്രത്യേക മുറിയിൽ വയ്ക്കാൻ പറയുക. പരീക്ഷ തുടങ്ങിയാൽ ഒഴിവുള്ള ഉത്തരവാദിത്വപ്പെട്ട അദ്ധ്യാപകർ ബാഗുകൾ പരിശോധിക്കണം. മദ്യകുപ്പികളും , ലഹരി വസ്തുക്കളും ലഭിക്കാൻ സാധ്യതയുള്ളതിനാലാണ്. ഇത്തരം വസ്തുക്കൾ ലഭിച്ചാൽ അത് എടുത്ത് മാറ്റുകയും അത്തരക്കാരെ പ്രത്യേകം വിളിച്ച് നാട്ടിൽ പരസ്യമാകാത്ത രീതിയിൽ സംസാരിക്കുകയും വേണം.

N.B:- മേൽ പറഞ്ഞ കാര്യങ്ങൾ എല്ലാ വിദ്യാർത്ഥികളും പ്രശ്നക്കാരാണെന്നുള്ള അർത്ഥത്തിലല്ല, എന്നാൽ ചില കുട്ടികൾ പ്രശ്നക്കാരുമാണ്. എന്നാൽ കുട്ടികൾ പരീക്ഷ കഴിഞ്ഞു പോകുമ്പോൾ ഉണ്ടാകുന്ന ചില തമാശകൾക്കും, സന്തോഷങ്ങൾക്കും വേണ്ടി ചെയ്യുന്ന പ്രവർത്തനങ്ങൾ തടസ്സപ്പെടുത്താനും പാടില്ല. അദ്ധ്യാപകർ അവർ കുട്ടികളാണ് എന്ന തരത്തിൽ വേണം കാര്യങ്ങളെ സമീപിക്കാൻ.

Ambika Devi

For ജില്ലാ വിദ്യാഭ്യാസ ആഫീസർ,
തൃശ്ശൂർ